DPSU/572/2017/TVPM

4418

ജില്ലാ പ്രോഗ്രാം മാനേജരുടെ കാര്യാലയം,
ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റി,
എൻ.എച്ച്.എം, തിരുവനന്തപുരം തീയതി. 22.12.2016

കോളജ് വിദ്യാർത്ഥികൾക്കായി "ഹെൽത്തി പാരഡൈസോ" മത്സരം

തിരുവനന്തപുരം: ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജരുടെ നേതൃത്വത്തിൽ കോളജ് വിദ്യാർത്ഥികൾക്കായി 'ഹെൽത്തി പാരഡൈസോ' എന്ന പേരിൽ സ്കിറ്റ് മത്സരം സംഘടിപ്പിക്കുന്നു. കൗമാര പ്രായക്കാരിലെ ആരോഗ്യ പ്രശ്നങ്ങളും മദ്യാപാനം, പുകയില-പാൻമസാല ഉപയോഗം, വ്യായാമമില്ലായ്മ, അമിതമായ മൊബൈൽ ഫോൺ ഉപയോഗം, അമിതവണ്ണം, ഫാസ്റ്റ് ഫുഡിനോടുള്ള ഇഷ്ടം, മാനസികാരോഗ്യം, ലൈംഗിക ദുരുപയോഗം തടയൽ എന്നീ വിഷയങ്ങളെ ആസ്പദമാക്കിയാണ് സ്കിറ്റ് അവതരിപ്പിക്കേണ്ടത്. 20 മിനിറ്റ് ദൈർഘ്യമുള്ള സ്കിറ്റിൽ പരമാവധി 12 വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ഒരു കോളജിൽ നിന്ന് ഒരു ടീമിന് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. വിജയികളാകുന്നവർക്ക് ഒന്നാം സമ്മാനം 6000 രൂപയും രണ്ടാം സമ്മാനം 3500 രൂപയും മൂന്നാം സമ്മാനം 2500 രൂപയും നാല്, അഞ്ച് സ്ഥാനം ലഭിക്കുന്നവർക്ക് 1500 രൂപ വീതവും സമ്മാനമായി ലഭിക്കും.

താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് www.disha1056.com എന്ന വെബ്സൈറ്റിൽ നിന്ന് രജിസ്ട്രേഷൻ ഫോം ലഭിക്കും. പൂരിപ്പിച്ച രജിസ്ട്രേഷൻ ഫോം jcnhmtvm@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അയക്കുകയോ ജില്ലാ പ്രോഗ്രാം മാനേജരുടെ ഓഫീസിൽ (ജില്ലാ ആരോഗ്യകുടുംബക്ഷേമ സൊസൈറ്റി, തൈക്കാട്ട്, തിരുവനന്തപുരം, 695014) നേരിട്ട് എത്തിക്കുകയോ ചെയ്യാം. ഫെബ്രുവരി 12ന് വൈകിട്ട് 4 ന് രജിസ്ട്രേഷൻ അവസാനിക്കും. കൂടുതൽ വിവരങ്ങൾക്ക് 9946105778.

Sd/-

ജില്ലാ പ്രോഗ്രാം മാനേജർ
ആരോഗ്യകേരളം.

തിരുവനന്തപുരം

[handwritten endorsement, dated 9.2.17, signed ADCE (General)]